# പൂജപ്പുര സെൻട്രൽ ജയിലും ഡൽഹി ഐ. ഐ. റ്റിയും

**ഡോ. എം. കുര്യൻ തോമസ്**
drmkurianthomas@gmail.com

**പ**ഴയകാലത്ത് തിരുവിതാംകൂറിൽ തടവുശിക്ഷ ലഭിച്ചവരെപ്പറ്റി, ''*പൂജപ്പുരയിൽ മണ്ണുചുമക്കാൻ വിട്ടു*'' എന്നു പറയാറുണ്ടായിരുന്നു. സമൂഹത്തിനു ദ്രോഹംചെയ്തവരേയും നിയമവ്യവസ്ഥ ലംഘിച്ചവരേയും കൊണ്ട് പൊതുജനോപകാരപ്രദമായി കഠിനാദ്ധ്വാനം ചെയ്യിക്കുക എന്നതായിരുന്നു തടവുശിക്ഷയെപ്പറ്റി അന്നത്തെ കാഴ്ചപ്പാട്.

പക്ഷേ ഇന്ന് തടവുശിക്ഷയുടെ നിർവചനം ''മൗലികാവകാശങ്ങൾ നിശ്ചിതകാലത്തേയ്ക്കു പരിമിതപ്പെടുത്തുക'' എന്നു പലരും പുനർനിർവചിച്ചിട്ടുണ്ട്. അപ്രകാരം ചെയ്യുന്നത് കുറ്റം ചെയ്തവരുടേതാണന്ന കാര്യത്തിൽ രണ്ടുപക്ഷമില്ല. ഈ കാഴ്ചപ്പാടിൽ പരിശോധിച്ചാൽ സമർത്ഥരായി ജനിച്ചു, കഠിനാദ്ധ്വനത്തിലൂടെ സാമർത്ഥ്യം നിലനിർത്തി എന്നീ കുറ്റങ്ങൾക്ക് തടവുശിക്ഷയ്ക്കു വിധിക്കപ്പെട്ട ഒരുകൂട്ടം ഹതഭാഗ്യർ ഇന്ന് ഇന്ത്യയിലുണ്ട്. ''*മികവിന്റെ കേന്ദ്രങ്ങൾ*'' എന്നു വിശേഷിപ്പിക്കപ്പെടുന്ന ഐ.ഐ.റ്റി, ഐ.ഐ.എം മുതലായ കേന്ദ്ര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളാണ് ഈ ''*കുട്ടിക്കുറ്റവാളികൾ*''.

ഏതാനും മാസം മുമ്പ് ഇഷ്ടമുള്ള ഭക്ഷണം കഴിക്കാനുള്ള അവരുടെ മൗലികാവകാശം എടുത്തുകളഞ്ഞു. ഡൽഹി ഐ.ഐ.റ്റിയിൽ ഇനി വിദ്യാർത്ഥികൾ സസ്യാഹാരം മാത്രം കഴിച്ചാൽമതിയെന്നു അധികൃതർ. കേന്ദ്ര മനുഷ്യവിഭവശേഷി മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരമാണ് ഇപ്രകാരം ചെയ്തത് എന്ന് ശക്തമായ ആരോപണമുയർന്നു. എന്നാൽ തങ്ങൾ അത്തരം നിർദ്ദേശമൊന്നും നൽകിയിട്ടില്ലന്നും, ഉത്തർപ്രദേശുകാരനായ ഒരു വ്യാപാരിയുടെ തദ്വിഷയപരമായ ഒരു കത്ത് ''എന്തു നടപടി സ്വീകരിച്ചു?'' എന്ന ചോദ്യത്തോടെ വകുപ്പിലെ ഒരു ''മൂത്ത ഗുമസ്തൻ'' ബന്ധപ്പെട്ട വിദ്യലയങ്ങൾക്ക് അയച്ചുകൊടുക്കുക മാത്രമാണ് ചെയ്തതെന്നും മന്ത്രാലയം പിന്നിടു വിശദീകരിച്ചു. യാഥാർത്ഥ്യം എന്തായാലും ഇന്ന് ചില ഐ.ഐ.റ്റികളെങ്കിലും ''മാംസരഹിത''മാണ്. വാസ്തവം എന്തായാലും ഈ നടപടിയിൽ അടിതൊട്ടു മുടിവരെ പല തലങ്ങളിൽ മൗലികാവകാശ - ഭരണഘടനാ ലംഘനങ്ങളുണ്ട്.

മന്ത്രാലയത്തിന്റെ വിശദീകരണം അംഗീകരിച്ചാൽത്തന്നെ ഒന്നാമതായി, കേവലം ഒരു സ്വകാര്യകത്ത് നടപടിയ്ക്കായി ബന്ധപ്പെട്ട വകുപ്പുകൾക്ക് അയയ്ക്കാൻ സെക്രട്ടറി എന്ന മൂത്ത ഗുമസ്തനെ ആര് അധികാരപ്പെടുത്തി? അധികാരപ്പെടുത്തിയെങ്കിൽ എന്തു നിയമത്തിന്റെ ബലത്തിൽ? അധികാരപ്പെടുത്തിയില്ലെങ്കിൽ സ്ഥാനദുർവിനയോഗത്തിന് ടിയാന്റെ പേരിൽ എന്തു നടപടി സ്വീകരിച്ചു? ഈ ചോദ്യങ്ങൾക്ക് ഉത്തരം ആരും നൽകിയിട്ടില്ല.

രണ്ടാമതായി, ഇത്തരം ഒരു കത്തു കിട്ടിയാൽ തിടുക്കപ്പെട്ട് അസസ്യഭക്ഷണം നിരോധിക്കുകയാണോ വിദ്യാലയ അധികൃതർ ചെയ്യേണ്ടത്? എൻട്രൻസ് എഴുതി പ്രവേശനം നേടിയ മിടുമിടുക്കരുടെ ഭക്ഷണം നിയന്ത്രിക്കാൻ അവർക്ക് അധികാരമുണ്ടോ? അവിടെ പഠിക്കുന്ന വിദേശ വിദ്യാർത്ഥികൾക്ക് ഇക്കാര്യത്തിൽ ഇളവു നൽകുമോ? ഈ ചോദ്യങ്ങൾക്കും ആരും ഉത്തരം നൽകില്ല . കാരണം അവയൊക്കെ നഗ്നമായ മൗലികാവകാശ ലംഘനങ്ങളാണ്.

ഇനി കത്തിന്റെ ഉള്ളടക്കത്തിലേയ്ക്കു കടക്കാം. അസസ്യഭക്ഷം തന്റെ മതവിശ്വാസത്തിനു വിരുദ്ധമായതിനാൽ കേന്ദ്രവിഷ്കൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അവ നിരോധിക്കമെമന്നാണ് കത്തിന്റെ രത്നച്ചുരുക്കം. ഒരു വ്യക്തിയുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് അനുസൃതമായി അദ്ദേഹവുമായി നേരിട്ടു ബന്ധമില്ലാത്ത സ്ഥാപനങ്ങളിൽ ഭക്ഷണ നിയന്ത്രണം ഏർപ്പെടുത്തുന്നതിലെ യുക്തി എന്താണ്?

പ്രസ്തുത കത്തിൽ വിശ്വാസവിരുദ്ധമായി ചൂണ്ടിക്കാട്ടിയിരിക്കുന്ന മറ്റൊരു വസ്തു ഉള്ളിയാണ്. കാർഷിക പ്രധാനമായ ഇന്ത്യയിൽ വിലയിലെ നിമ്നോന്നതങ്ങൾ സർക്കാരുകളെ വിറപ്പിക്കുന്ന വസ്തുവാണ് ഉള്ളി. എന്തുകൊണ്ട് മൂത്ത ഗുമസ്തൻ അയച്ചുകൊടുത്ത കത്തിന്റെ അടിസ്ഥാനത്തിൽ കാമ്പസുകളിൽ ഉള്ളി നിരോധിച്ചില്ല?

ഇന്ത്യ ഒരു ബഹുസംസ്ക്കാര സമൂഹമാണ്. അതിനെ ഏക സംസ്ക്കാര സമൂഹമാക്കുക അസാദ്ധ്യമാണ്. ലോകത്തിന്നുവരെ വിജയിക്കാത്ത ഒരു പരിശ്രമമാണ് ഏകസംസ്ക്കാര നിർമ്മിതി. ഭക്ഷണരീതിയും സംസ്ക്കാരത്തിന്റെ ഭാഗമാണ്. വിശ്വാസപരമായ കാരണത്താൽ എലികളെ കൊല്ലാത്തവർ ഇന്ത്യയി

ലുണ്ട്. എലിയെ ഭക്ഷിക്കുന്നവരുമുണ്ട്. കേരളത്തിൽ കുറഞ്ഞത് മൂന്ന് പതിറ്റാണ്ടു മുമ്പുവരെയെങ്കിലും എലിയെ തിന്നുന്നവർ ഉണ്ടായിരുന്നതായി ഈ ലേഖകന് നേരിട്ടറിയാം. പട്ടിയെ നികൃഷ്ട ജീവിയായി കണക്കാക്കുന്നവരും, അതിനെ ഭക്ഷിക്കുകയും, വിശിഷ്ടഭോജ്യമായി അതിഥികൾക്ക് വിളമ്പുകയും ചെയ്യുന്നവരും ഇന്ത്യയിലുണ്ട്. മൽസ്യം ഭക്ഷണത്തിന്റെ അവിഭാജ്യ ഘടകമായി കണക്കാക്കുന്ന ബംഗാളികളും മൽസ്യവും മാംസവും അപ്രകാരമായ കാഷ്മീരികളും ഇന്ത്യക്കാരാണ്.

മതപരമായ കാരണങ്ങളാൽ സൂര്യാസ്തമയം മുതൽ സൂരോയദയം വരെ ഭക്ഷണം കഴിക്കുകയോ വിളക്കുകൊളുത്തുകയോ ചെയ്യാത്തവർ ഇന്ത്യയിലുണ്ട്. മനുഷ്യമാംസം പച്ചയ്ക്ക് പരസ്യമായി തിന്നുന്ന അഘോരി ബാബാമാരും ഇന്ത്യക്കാരാണ്. ഇതൊന്നുമല്ലാതെ *ഡയബറ്റിക്സ്* എന്ന അസുഖംമൂലം മധുരം ഉപയോഗിക്കാനാവാത്ത ലക്ഷങ്ങളാണ് ഇന്ത്യയിലുള്ളത്.

ഇവരൊക്കെ മന്ത്രാലയത്തിനു കത്തെഴുതുകയും, അവയൊക്കെ ''എന്തു നടപടി സ്വീകരിച്ചു?''എന്ന കുറിപ്പോടെ വിദ്യാലയങ്ങൾക്ക് അയയ്ക്കുകയും, അതനുസരിച്ച് നടപടി സ്വീകരിയ്ക്കുകയും ചെയ്താൽ എന്താവും ഫലം? കുറഞ്ഞപക്ഷം, റോട്ടിയും ദാളും (ഉള്ളി ചേർക്കാതെ) മധുരമില്ലാത്ത ചായയും കഴിച്ച് സന്ധ്യയ്ക്ക്മുമ്പ് ലൈറ്റണച്ച് കിടക്കാൻ ഇത്തരം സ്ഥപനങ്ങളിലെ വിദ്യാർത്ഥികൾ നിർബന്ധിതരാവും. എല്ലാവർക്കും തുല്യനീതീ ഭരണഘടന ഉറപ്പു നൽകുന്നതിനാൽ ആദ്യ കത്തു പോലെ ഇവയും തുല്യപ്രാധാന്യത്തോടെ പരിഗണിക്കാതിരിക്കാനാവില്ല.

ഇത്തരം നിരോധനങ്ങളോടുള്ള വിദ്യാർത്ഥി പ്രതികരണം അറിയാൻ മദ്രാസ് ഐ.ഐ.റ്റിയുടെ ഉദാഹരണം എടുത്താൽ മതി. കുറെ വിദ്യാർത്ഥികൾ ആവശ്യപ്പെട്ടതനുസരിച്ച് രണ്ടു വർഷം മുമ്പ് അവിടുത്തെ 12 മെസുകളിൽ ഒന്ന് പൂർണ്ണ സസ്യാഹാരിയാക്കി. അവിടെ അദ്ധ്യയനം നടത്തുന്ന 8,500–ൽ അധികം വിദ്യാർത്ഥികളിൽ കേവലം ആറ് ശതമാനം മാത്രമാണ് ഈ ഊട്ടുപുര ഉപയോഗിക്കുന്നത്!

ഇന്ത്യയിലെ പല സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഭക്ഷണക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. അതിൽ ആർക്കും പരാതിയില്ല. ഒന്നാമതായി, അവ സ്വകാര്യ സ്ഥാപനങ്ങളാണ്. രണ്ടാമതായി, അവർ മുമ്പുകൂട്ടി –പ്രോസ്പക്ടസിൽപ്പോലും – ഇത്തരം ക്രമീകരണങ്ങൾ രേഖപ്പെടുത്തും. മൂന്നാമതായി, ഇത്തരം നിയന്ത്രണങ്ങൾ ഉണ്ടന്നറിഞ്ഞുതന്നെയാണ് വിദ്യാർത്ഥികൾ അവിടെ ചേരുന്നത്. ഭരണഘടന തുല്യ നീതി ഉറപ്പുവരുത്തുന്ന ഒരു രാജ്യത്ത് സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അത്തരം നിയന്ത്രണങ്ങൾ വളഞ്ഞവഴിയിലൂടെ പോലും ഏർപ്പെടുത്താനാവില്ല.

പ്രഗൽഭ വിദ്യാർത്ഥികളുടെ ''ധാർമ്മികമൂല്യം ക്ഷയിച്ചുപോകാതിരിക്കാനാണ്'' അസസ്യഭക്ഷണത്തിനു വിലക്കേർപ്പെടുത്തിയതെന്ന് ഇതിനിടെ ആരോ പ്രസ്താവിച്ചു! അതിന്റെ ന്യായാന്യായങ്ങളിലേയ്ക്കു കടക്കാതെ ഒരൊറ്റ ചോദ്യം മാത്രം. ഇന്ത്യയിലെ ആയിരക്കണക്കിനു അതിപ്രഗൽഭ വിദ്യാർത്ഥികൾ വിദേശ സർവകലാശാലകളിൽ പഠിക്കുന്നുണ്ട്. അവരുടെ ധാർമ്മികമൂല്യം നശിച്ചുപോകാതിരിക്കാൻ അവിടെയും മാംസഭക്ഷണം നിരോധിക്കുമോ? അതിർത്തി കാക്കുന്ന വീരജവാന്മാർക്കു ധർമ്മച്യുതി സംഭവിക്കാതിരിക്കാൻ അവരെയും പൂർണ്ണമായി സസ്യാഹാരികളാക്കുമോ? ''... അച്ചാർ തിന്നുനിന്റെ ശൗര്യം കാട്ടുക വീരശിപായി ...'' എന്ന വി.കെ.എൻ. കവിതയാണ് ഇവിടെ ഓർമ്മവരുന്നത്.

ഇത്തരം നിയന്ത്രണങ്ങൾ ആത്യന്തികമായി ബാധിക്കുക ദരിദ്ര വിദ്യാർത്ഥികളെയാണ്. പണവും സ്വന്തവാഹനവുമുള്ളവർ ക്യാമ്പസിനു പുറത്തുപോയി ഇഷ്ടമുള്ളത് ഭക്ഷിക്കും. അത് തടയാൻ ആർക്കും സാദ്ധ്യമല്ല. ദരിദ്രരോ? നിർബന്ധിത ഭക്ഷണം മാത്രം കഴിക്കാൻ അവർ ജയിൽപ്പുള്ളികളല്ല. പക്ഷേ മറ്റു മാർഗ്ഗങ്ങളൊന്നും അവരുടെ മുമ്പിലില്ല.

ഇന്ത്യയിലെ മനുഷ്യർ എന്തു തിന്നണം, എന്തു കുടിയ്ക്കണം എന്നു മതനേതാക്കളും സമുദായ പ്രമാണിമാരും തീരുമാനിയ്ക്കേണ്ട. അതത് സമൂഹത്തിന് വർജ്ജ്യമായത് ഉപേക്ഷിക്കാൻ അവർ സ്വസമൂഹത്തെ ഉദ്ബോധിപ്പിച്ചാൽ മതി. പൊതുസമൂഹം അവർക്കിഷ്ടമുള്ളത് തിന്നുകയോ കുടിയ്ക്കുകയോ ചെയ്യട്ടെ. അതിനുള്ള സ്വാതന്ത്ര്യം ഭരണഘടന അവർക്ക് ഉറപ്പു നൽകിയിട്ടുണ്ട്.

മധുരം ഉപയോഗിക്കാനാവാത്തവർക്ക് ''വിത്തൗട്ടും'' സസ്യഭക്ഷണം മാത്രം കഴിക്കുന്നവർക്ക് അതും പൊതുസ്ഥാപനങ്ങളിൽ ആവശ്യപ്പെടാൻ അവകാശമുണ്ട്. പക്ഷേ തങ്ങൾ ഭക്ഷിക്കുന്നതുമാത്രം മറ്റുള്ളവരും കഴിച്ചാൽ മതി എന്നു നിർബന്ധിക്കാൻ ആർക്കും – സർക്കാരിനും – അവകാശമില്ല. അതു പ്രകടമായ മൗലികാവകാശ ലംഘനമാണ്. അതിനെ ചെറുത്തേ പറ്റു.

*വാൽക്കഷണം* – മികവിന്റെ കേന്ദ്രങ്ങളിൽ സസ്യഭക്ഷണം മാത്രമാക്കുന്ന സ്ഥിതിക്ക് ഇരുപതാം നൂറ്റാണ്ടിൽ ലോകംകണ്ട ഏറ്റവും പ്രശസ്ത സസ്യാഹാരിയുടെ ജീവചരിത്രവും തത്വശാസ്ത്രവും അവിടെല്ലാം നിർബന്ധിത പാഠ്യവിഷയമാക്കണം – ആളെ നിങ്ങൾ അറിയും. അഡോൾഫ് ഹിറ്റ്ലർ!

(*സാമൂഹ്യനീതി* – മെയ് 2015)